LIBRARY ARCHIVES Kerala Legislative Assembly

കന്ദമംഗലം സബ്ട്രഷറി

111 (1937) ശ്രീ. പി. റ്റി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ.ഉ. (എം.എസ്) 343/14/ധന, തീയതി 18-8-2014 പ്രകാരം കോഴിക്കോട് ജില്ലയിലെ കന്ദമംഗലം കേന്ദ്രമാക്കി അനുവദിച്ച സബ്ട്രഷറി ആരംഭിക്കുന്നതിന് കാലതാമസം നേരിട്ടതെന്തുകൊണ്ട് ;

(ബി) പ്രസ്തുത ട്രഷറി എന്നത്തേക്ക് പ്രവർത്തനമാരംഭിക്കുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ&ബി) കന്ദമംഗലം സബ്ട്രഷറി ആരംഭിക്കുന്നതിനുള്ള ഭരണാനുമതി നൽകിയെങ്കിലും പ്രവർത്തനത്തിനായി സബ്ട്രഷറി ഓഫീസറുടേതുൾപ്പെടെയുള്ള തസ്തികകൾ അനുവദിക്കേണ്ടതുണ്ട്. ആധുനികവൽക്കരണത്തിന്റെ ഭാഗമായി ട്രഷറികളുടെ നെറ്റ്വർക്കിംഗ് പൂർത്തിയായിട്ടില്ല. നെറ്റ്വർക്കിംഗ് പൂർത്തിയായ ശേഷം ആവശ്യകത പരിശോധിച്ച് കന്ദമംഗലം സബ്ട്രഷറിക്കായുള്ള തസ്തിക സൃഷ്ടിക്കുന്നത് പരിശോധിക്കുന്നതാണ്.

ആധുനികവത്ക്കരണ ഭാഗമായ ട്രഷറി നെറ്റ്വർക്കിംഗ് പൂർത്തിയായ ശേഷം പ്രവർത്തനം ആരംഭിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

പെൻഷനേഴ്സ് ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ട്

112 (1938) ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014-15 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തെ ട്രഷറിയിലെ പെൻഷണേഴ്സ് ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടുകളിലെ ആകെ റെസീപ്റ്റ്സ് എത്ര തുകയാണെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത കാലയളവിൽ സംസ്ഥാനത്തെ ട്രഷറികളിലെ പെൻഷണേഴ്സ് ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടുകളിലെ ആകെ പേമെന്റ്സ് എത്ര തുകയാണ് ; വ്യക്തമാക്കാമോ ;

(സി) 31-3-2015-ലെ സംസ്ഥാനത്തെ ട്രഷറിയിലെ പെൻഷണേഴ്സ് ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടുകളുടെ ക്ലോസിംഗ് ബാലൻസ് എത്ര തുകയാണ് വ്യക്തമാക്കാമോ ;

(ഡി) ട്രഷറിയിലെ പെൻഷണേഴ്സ് ട്രഷറി എസ്.ബി. അക്കൗണ്ടുകളിൽ പിൻവലിക്കപ്പെടാതെ കിടക്കുന്ന ബാലൻസ് തുക സർക്കാരിന്റെ ഏതെങ്കിലും പ്രവർത്തനങ്ങൾക്കായി ചെലവഴിക്കാറുണ്ടോ ; എങ്കിൽ 2014-15-ൽ ഇത് എത്ര ; വ്യക്തമാക്കാമോ ?